**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6039** **09-07-2024 - ൽ മറുപടിയ്ക്ക്**

**ഖാദി ഗ്രാമവ്യവസായ മേഖലയിലെ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഖാദി ഗ്രാമവ്യവസായ മേഖല കടുത്ത പ്രതിസന്ധി നേരിടുന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. ഖാദി ബോർഡിന്റെ നിയന്ത്രണത്തിൽ വിവിധ ജില്ലകളിലായി വ്യത്യസ്തങ്ങളായ ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന ഗ്രാമ വ്യവസായ യൂണിറ്റുകൾ നിലവിലുണ്ട്. ടി യൂണിറ്റുകളിൽ പരമ്പരാഗത രീതിയിൽ നിർമ്മിക്കുന്ന ഉല്പന്നങ്ങൾക്ക് മാർക്കറ്റിൽ ലഭ്യമാകുന്ന മറ്റ് ഉല്പന്നങ്ങളുമായി കിടപിടിച്ചു നിൽക്കാൻ കഴിയുന്നില്ല. ആധുനിക മെഷിനറികൾ സ്ഥാപിക്കുകയും യൂണിറ്റുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുകവഴി ഉല്പന്നങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുവാനും കൂടുതൽ ആകർഷകമാക്കുവാനും കഴിയും.<br><br>ഖാദി ബോർഡ് നടപ്പിലാക്കിവരുന്ന തൊഴിൽദായക പദ്ധതിയായ എന്റെഗ്രാമം പദ്ധതിവഴി 25% മുതൽ 40% വരെ മാർജിൻ മണി ഗ്രാന്റ് വിവിധ വിഭാഗത്തിൽ ഉൾപ്പെടുന്ന സംരംഭകർക്ക് നൽകിവരുന്നു. ഫണ്ടിന്റെ ലഭ്യതകുറവുമൂലം നിലവിൽ സംരംഭകർക്ക് സബ്സിഡി നൽകാൻ കഴിയാത്ത സാഹചര്യമാണുള്ളത്.<br><br>റെഡിമെയ്ഡ് വസ്ത്രങ്ങൾക്ക് GST ഏർപ്പെടുത്തിയത് മാർക്കറ്റിൽ വലിയ പ്രതിസന്ധി ഉണ്ടാക്കിയിട്ടുണ്ട്. ഇത് വില്പനയെ സാരമായി ബാധിച്ചു.<br><br>ഖാദി തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കുന്ന ഇൻകം സപ്പോർട്ട് പദ്ധതി പ്രകാരം നൽകുന്ന തുക 2023 ജൂൺ മാസം മുതലും, തൊഴിലാളികൾക്ക് ലഭിക്കുന്ന |

| | | | |
|---|---|---|---|
| | | | ഇൻസെന്റീവ് 2023 മെയ് മാസം മുതലും കുടിശ്ശികയാണ്. |
| (ബി) | ഖാദി തൊഴിലാളികൾക്ക് സംസ്ഥാന സർക്കാർ ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. വർഷത്തിൽ 100 ദിവസമെങ്കിലും നിശ്ചയിക്കപ്പെട്ട മിനിമം കൂലി വരുമാനമായി ലഭിക്കത്തക്ക വിധത്തിൽ ഇൻകം സപ്പോർട്ട് സ്കീം തൊഴിൽവകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ഖാദി മേഖലയിലെ തൊഴിലാളികൾക്ക് മറ്റ് തൊഴിൽ മേഖലകളെ അപേക്ഷിച്ച് കൂലി കുറവ് ആയതിനാൽ ടി മേഖലയിലെ തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പാക്കുന്നതിനായി 2010-11 സാമ്പത്തിക വർഷം മുതൽ ഇൻകം സപ്പോർട്ട് സ്കീമിൽ ഖാദി മേഖലയെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഖാദി മേഖലയിലെ നൂല്പ്, നെയ്ത്ത് തൊഴിലാളികൾക്ക് അവരുടെ ഉല്പാദനത്തിന് ആനുപാതികമായി പ്രോജക്ടിന്റെ വിറ്റുവരവിൽനിന്നും മാസവേതനം നൽകിവരുന്നുണ്ട്. അഖിലേന്ത്യാ ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ തയാറാക്കുന്ന കോസ്റ്റ് ചാർട്ടിനെ അടിസ്ഥാനമാക്കിയാണ് ഖാദി മേഖലയിൽ തൊഴിലാളികൾക്ക് കൂലി നിശ്ചയിക്കുന്നത്. ടി കോസ്റ്റ് ചാർട്ട് കാലാനുസൃതമായി ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ പരിഷ്കരിച്ച് പുറപ്പെടുവിക്കുമെങ്കിലും സർക്കാർ നിശ്ചയിച്ചിട്ടുള്ള മിനിമം വേതനത്തേക്കാൾ കുറവായ വേതനമാണ് തൊഴിലാളികൾക്ക് ലഭിക്കുന്നത്. ആയതിനാൽ മിനിമം വേതന നിയമ പ്രകാരം തൊഴിലാളികൾക്ക് ലഭിക്കേണ്ട തുകയും കോസ്റ്റ് ചാർട്ട് പ്രകാരം തൊഴിലാളികൾക്ക് ലഭിക്കുന്ന തുകയും തമ്മിലുള്ള വ്യത്യാസം 2010-11 സാമ്പത്തിക വർഷം മുതൽ ഇൻകം സപ്പോർട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ച് ടി മേഖലയിലെ തൊഴിലാളികൾക്ക് സംസ്ഥാന സർക്കാർ മിനിമം വേതനം ഉറപ്പാക്കുന്നുണ്ട്. |
| (സി) | ഖാദി തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീം പ്രകാരമുള്ള തുക പതിമൂന്ന് മാസത്തിലേറെ കുടിശികയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2023 ജൂൺ മുതൽ തുക നൽകാനുണ്ട്. |
| (ഡി) | പ്രസ്തുത കുടിശിക അടിയന്തരമായി നൽകാൻ നടപടി സ്വീകരിക്കുമോ? | (ഡി) | സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ